## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *88.** **28.09.2016 ന് മറുപടിയ്ക്ക്**

## ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം<br>,, എം. വിൻസെന്റ്<br>,, അടൂർ പ്രകാശ്<br>,, വി.ഡി.സതീശൻ** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ എക്സൈസ് വകുപ്പ് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തന ങ്ങളാണ് നടത്തി വരുന്നത്. മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപഭോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തി പ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തി ന്റെയും ലഹരി വസ്തുക്കളുടേയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളു മായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും |

| | | | |
|---|---|---|---|
| | | | ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഇതിനായി ജനകീയ പങ്കാളിത്തം എങ്ങനെ പ്രയോജനപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) | വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്/എം.&റ്റി.പി/കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ ഇത്തരം ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും വിമുക്തമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി ബോധവൽക്കരണ പ്രവർത്തനം ഒരു ജനകീയ പ്രസ്ഥാനമായി വളർത്തിയെടുക്കുവാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ്, ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ തുടങ്ങിയവ നിലവിൽ എക്സൈസ് വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും, വിദ്യാർത്ഥി-യുവജന സംഘടനകൾ, വിവിധ എൻ.ജി.ഒ. കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിൽ സ്കൂൾ, കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന 1993 ലഹരിവിരുദ്ധ ക്ലബ്ബുകളെ ശക്തിപ്പെടുത്തുവാനും കൂടുതൽ വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ലഹരി മാഫിയകളെക്കുറിച്ച് | (സി) | വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ |

| | | | |
|---|---|---|---|
| | വകുപ്പിനെ അറിയിക്കാൻ എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്/എം.&റ്റി.പി/കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്നതിന് 155358 എന്ന ടോൾ ഫ്രീ നമ്പർ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സാമൂഹ്യനവമാധ്യമമായ വാട്ട്സ്-അപ്പ് മുഖാന്തിരം പരാതികൾ സ്വീകരിക്കുന്നതിന് 9061178000 എന്ന മൊബൈൽ നമ്പരിൽ വാട്ട്സ്-അപ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇ-മെയിൽ മുഖേനയും എക്സൈസ് വകുപ്പിന്റെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ് മുഖേനയും പൊതുജനങ്ങളിൽ നിന്നും വിവരങ്ങളും പരാതികളും സ്വീകരിക്കുന്നുമുണ്ട്. ഇതോടൊപ്പം തന്നെ പൊതുജനങ്ങളിൽ നിന്നും വിവരങ്ങളും പരാതികളും സ്വീകരിക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി പ്രിവന്റീവ് ഓഫീസർ മുതൽ എക്സൈസ് കമ്മീഷണർ വരെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക മൊബൈൽ ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതും പ്രസ്തുത നമ്പറുകൾ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. മേൽ പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളിലും പരാതികളിലും സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ആയത് നിരീക്ഷിക്കുന്നതിനുമായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**